**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *367 **12.05.2017**-ൽ മറുപടിക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ**<br>**ശ്രീ. പി. ഉണ്ണി**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികളുടെ ഫലമൂല്യനിർണ്ണയം സാധ്യമാകത്തക്ക വിധത്തിൽ സമഗ്രമായ ഒരു പഠനം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി നടത്തുന്നതിന് സ്വന്തം ഫണ്ടിൽ നിന്നും തുക കണ്ടെത്തുവാൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി - പട്ടികഗോത്ര വർഗ്ഗക്കാരുടെ സാമൂഹിക - സാമ്പത്തിക വികസന പ്രക്രിയയിൽ കോർപ്പറേഷന്റെ പങ്ക് അറിയിക്കാമോ; | (ബി) | 1972-ൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സ്ഥാപിതമായതു മുതൽ നാളിതുവരെ 1,75,770 പട്ടികജാതി പട്ടികഗോത്രവർഗ്ഗ ഗുണഭോക്താക്കൾക്കായി 510.71 കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിൽ കോർപ്പറേഷൻ മുഖേന നടത്തിയ വായ്പാ വിതരണത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കോർപ്പറേഷൻ മുഖേന നടത്തുന്ന സ്വയംതൊഴിൽ പദ്ധതി, ലഘു സംരംഭക വായ്പ, മറ്റു വരുമാന സമ്പാദ്യ പദ്ധതികൾ, ക്ഷേമ പദ്ധതികൾ എന്നിവയുടെ വിശദാംശം അറിയിക്കാമോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഇത്തരം പദ്ധതികൾ വഴി എത്ര പേർക്ക് പ്രയോജനം ലഭിച്ചെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (സി) | 50,000/- രൂപ മുതൽ 10,00,000/- രൂപ വരെ മുതൽമുടക്കാവശ്യമുള്ള സ്വയം തൊഴിൽ പദ്ധതികൾക്കാണ് കോർപ്പറേഷൻ വായ്പ നൽകുന്നത്. ഇവയിൽ 50,000/- രൂപ പദ്ധതി തുകയുള്ള മൈക്രോ ക്രെഡിറ്റ്, മഹിളാ സമൃദ്ധി യോജന വായ്പകൾക്ക് പലിശ നിരക്ക് യഥാക്രമം 4% ഉം, 3% ഉം ആണ്. മറ്റു സ്വയം തൊഴിൽ പദ്ധതികളുടെ പലിശ നിരക്ക് 5,00,000/- രൂപ വരെ 6% വും അതിനു മുകളിൽ 8% വും ആണ്. മൈക്രോ വായ്പകളുടെ തിരിച്ചടവ് കാലാവധി 3 വർഷവും മറ്റു വായ്പകളുടേത് 5 വർഷവും ആണ്. കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുകൊണ്ടുള്ള സ്വയം തൊഴിൽ പദ്ധതികളിൻകീഴിൽ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാന പരിധി 3,50,000/- രൂപയും ദേശീയ ധനകാര്യ സ്ഥാപനങ്ങളായ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയുടെ പുനർവായ്പ ഉപയോഗിച്ചുള്ള പദ്ധതികൾക്ക് ഇത് ഗ്രാമ പ്രദേശങ്ങളിൽ 98,000/- രൂപയും നഗര പ്രദേശങ്ങളിൽ 1,20,000/- രൂപയുമാണ്.<br>കോർപ്പറേഷൻ നടപ്പാക്കുന്ന പ്രധാനപ്പെട്ട ക്ഷേമ പദ്ധതികൾ വിവാഹ വായ്പാ പദ്ധതി, വിദ്യാഭ്യാസ വായ്പാ പദ്ധതി എന്നിവയാണ്. ഇതിൽ വിവാഹ വായ്പാ പദ്ധതി പ്രകാരം 2,00,000/- രൂപയും വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രകാരം സംസ്ഥാനത്തിനകത്തുള്ള പഠനത്തിന് 2,50,000/- രൂപയും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് 4,00,000/- രൂപയും വിദേശ പഠനത്തിന് 10,00,000/- രൂപ വരെയും വായ്പ നൽകുന്നു. വിദ്യാഭ്യാസ വായ്പയുടെയും വിവാഹ വായ്പാ പദ്ധതിയുടെയും പലിശ |

| | | | |
|---|---|---|---|
| | | | നിരക്ക് 6% വും വിദേശ വിദ്യാഭ്യാസ വായ്പ 5,00,000/- രൂപ വരെ 6% വും അതിനു മുകളിൽ 8.5% വുമാണ്. വിവാഹ വായ്പക്ക് കുടുംബ വാർഷിക വരുമാന പരിധി 2,00,000/- രൂപയും വിദ്യാഭ്യാസ വായ്പയ്ക്ക് 3,50,000/- രൂപയും വിദേശ വിദ്യാഭ്യാസ വായ്പയ്ക്ക് 5,00,000/- രൂപയും ആണ്. വിവാഹ വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞിട്ടുള്ള 5 വർഷവുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരം പദ്ധതികൾ വഴി 5036 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

(തുക കോടിയിൽ)

| വർഷം | പട്ടികജാതി | | പട്ടികവർഗ്ഗം | | ആകെ | |
|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക |
| 2012-13 | 3805 | 30.03 | 222 | 1.70 | 4027 | 31.73 |
| 2013-14 | 5024 | 47.11 | 252 | 2.39 | 5276 | 49.50 |
| 2014-15 | 5007 | 53.31 | 259 | 2.47 | 5266 | 55.78 |
| 2015-16 | 4901 | 51.21 | 287 | 2.76 | 5188 | 53.97 |
| 2016-17 | 4687 | 51.89 | 349 | 3.59 | 5036 | 55.48 |

**സെക്ഷൻ ഓഫീസർ**